**കേൾക്കേണ്ട ശബ്ദം:**
സ്ത്രീവിരുദ്ധത പുരുഷൻമാരിൽ മാത്രമല്ല സ്ത്രീകളിലുമുണ്ട്. അത് അധികാര ശ്രേണിയോടുള്ള നമ്മുടെ വിധേയത്വ മനോഭാവത്തെയാണ് കാണിക്കുന്നത്.
- **കെ.ആർ. മീര** (എഴുത്തുകാരി)

# മക്തബ്

1194 കന്നി 18 | 1439 മുഹറം 24


## ഇടതുപക്ഷത്തിന് ആനന്ദലബ്ധിക്ക് ഇനിയെന്ത് വേണം

മുഖ്യമന്ത്രി പിണറായി വിജയന്റെ സാമ്പത്തിക ഉപദേഷ്ടാവ് ഗീതാ ഗോപിനാഥിനെ അന്താരാഷ്ട്ര നാണയനിധിയുടെ (ഐ.എം.എഫ്) മുഖ്യസാമ്പത്തിക ഉപദേഷ്ടാവായി നിയമിച്ചിരിക്കുന്നു. ഇത് മുഖ്യമന്ത്രിക്ക് കൂടി ലഭിച്ച അംഗീകാരമായി പരിഗണിക്കാം. കാരണം അവർ മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേഷ്ടാവായി പ്രവർത്തിച്ചുവരുമ്പോഴാണല്ലോ ഐ.എം.എഫിന്റെ ഉന്നത പദവിയിൽ എത്തിയിരിക്കുന്നത്. ഇടതുപക്ഷം തീർച്ചയായും ഇത് ആഘോഷിക്കണം!.

പുതിയ ഡി.വൈ.എഫ്.ഐ കുട്ടികൾക്ക് അറിയില്ലെങ്കിലും 1990 മുതൽ കുറേക്കാലം സി.പി.എമ്മിന്റെ താത്വിക പ്രസിദ്ധീകരണങ്ങളിൽ മാത്രമല്ല, നമ്മുടെ തെരുവോരങ്ങൾക്കും പരിചിതമായ പേരായിരുന്നു ഐ.എം.എഫും ലോക ബാങ്കും. അക്കാലത്തെ സി.പി.എം പൊതുയോഗങ്ങളിൽ ഈ പേരുകൾ പരാമർശിക്കാതെ പോകാറില്ല. അവ എങ്ങനെയാണ് ലോകത്തെ കൊള്ളയടിക്കുന്നതെന്ന് ഏറ്റവും അധികം പ്രസംഗിച്ചുനടന്നതും സി.പി.എം നേതാക്കളായിരുന്നു. എന്നാൽ ഇപ്പോൾ സി.ഐ.എ. അട്ടിമറി, അമേരിക്കൻ മോഡൽ അറബിക്കടലിൽ, കുത്തകകൾ തുലയട്ടെ എന്നീ മുദ്രാവാക്യങ്ങളെ പോലെ വിസ്മൃതിയിലേക്ക് തള്ളിമാറ്റിയ പേരുകളാണ് ഐ.എം.എഫും ലോകബാങ്കും എന്നത്. അത് ഈ ധനകാര്യ സ്ഥാപനങ്ങൾക്ക് വന്ന മാറ്റമാണോ, സി.പി.എമ്മിന് വന്ന മാറ്റമാണോ എന്നറിയാൻ പ്രശ്നം വച്ചുനോക്കേണ്ട കാര്യവുമില്ല.

ഐ.എം.എഫിലൂടെയും ലോകബാങ്കിലൂടെയും സാമ്രാജ്യത്തം നടപ്പിലാക്കുന്ന ആഗോളവൽക്കരണ നടപടികളെ പാടിപ്പുകഴ്ത്തുന്ന സാമ്പത്തിക വിദഗ്ധയായിരുന്നു ഗീതാ ഗോപിനാഥ്. നരേന്ദ്രമോദി നടപ്പിലാക്കുന്ന സാമ്പത്തിക നയങ്ങൾക്ക് ഗുഡ് സർട്ടിഫിക്കറ്റ് നൽകിയ മഹതി. അവരെ സാമ്പത്തിക ഉപദേഷ്ടാവായി നിയമിക്കുന്നതിന് പിണറായിയും കൂട്ടരും പറഞ്ഞത് ഉപദേശം സൗജന്യമാണ് എന്നതായിരുന്നു. അതേക്കുറിച്ചാണ് ഈയിടെ വി.എസ്. അച്യുതാനന്ദൻ, വഴിയേ പോകുന്ന കോർപ്പറേറ്റുകളുടെ വെറുതെ കിട്ടുന്ന ഉപദേശത്തിന്റെ അടിസ്ഥാനത്തിലല്ല കേരളത്തെ പുനർനിർമ്മിക്കേണ്ടതെന്ന് പറഞ്ഞത്.

പിണറായി വിജയന് നൽകിയ സൗജന്യ ഉപദേശം കണക്കിലെടുത്താണോ ഗീതാ ഗോപിനാഥിന് പുതിയ പദവി ലഭിച്ചതെന്ന് അറിയില്ല. എന്നാൽ ഗ്രീസിലും സൈപ്രസിലും ഐസ്‌ലാൻഡിലും അവർ നടത്തിയ ഇടപെടൽ കൂടി കണക്കിലെടുത്താണ് ഗീതാ ഗോപിനാഥിന് ഐ.എം.എഫിൽ ഉന്നത പദവി ലഭിച്ചതെന്ന് പാർട്ടി പത്രത്തിലെ വാർത്തയിൽ പറയുന്നു. എന്താണ് ഗ്രീസിലും മറ്റും അവർ നടത്തിയ ഇടപെടലെന്ന് പരിശോധിക്കണം.

സാമ്രാജ്യത്ത ആശ്രിത സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഫലമായി കുറച്ചുകാലം മുമ്പ് ഗ്രീസിൽ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി അനുഭവപ്പെടുകയുണ്ടായി. അതിനെ മറികടക്കാൻ ഗ്രീക്ക് ഭരണകൂടം കൈക്കൊണ്ട നടപടി സർക്കാർ ജീവനക്കാരുടെയും സ്വകാര്യമേഖലയിലെ വ്യവസായ തൊഴിലാളികൾ ഉൾപ്പെടെയുള്ളവരുടെയും ശമ്പളവും വേതനവും വെട്ടിച്ചുരുക്കുക എന്നതായിരുന്നു. ഗീതാ ഗോപിനാഥ് നടത്തിയ ഇടപെടൽ അത്തരത്തിലുള്ളതായിരുന്നു. അതിന് എതിരെ ഗ്രീസിൽ അതിശക്തമായ തൊഴിലാളി പ്രക്ഷോഭം നടന്നത് മലയാളത്തിലെ മാധ്യമങ്ങൾ അടക്കം റിപ്പോർട്ട് ചെയ്തിരുന്നു.

ഇത് ആഗോളവൽക്കരണ ശക്തികൾ ലോകത്തെമ്പാടും നടത്തിവരുന്ന സ്ഥിരം കുതന്ത്രമാണ്. ചൂതാട്ട ഇടപാടിൽ കുടുങ്ങി അമേരിക്കയിലെ സ്വകാര്യ ബാങ്കിംഗ്, ഇൻഷൂറൻസ് മേഖല തകർന്ന കാലഘട്ടത്തിൽ അമേരിക്കൻ സർക്കാർ പണം നൽകി അവയുടെ രക്ഷക്ക് എത്തിയിരുന്നു. അതായത് ജനങ്ങളുടെ പണം സ്വകാര്യ സ്ഥാപനങ്ങൾക്ക്. കോർപ്പറേറ്റുകളുടെ കിട്ടാക്കടത്തിന്റെ ഫലമായി ഇന്ത്യയിലെ ബാങ്കുകൾ പ്രതിസന്ധിയിലായപ്പോൾ സാധാരണക്കാരുടെ ചില്ലിക്കാശുപോലും പിടിച്ചെടുത്തത് നരേന്ദ്രമോദി സർക്കാർ നടപ്പിലാക്കിയ നോട്ടുനിരോധനം മറ്റൊരു ഉദാഹരണമാണ്.

2005ൽ കത്രീന കൊടുങ്കാറ്റിന്റെ മറപിടിച്ച് അമേരിക്കയിൽ തൊഴിലാളികളുടെ വേതനം വെട്ടിച്ചുരുക്കിയ നടപടിയും ഉണ്ടായിട്ടുണ്ട്. ഇതൊക്കെ കാണിക്കുന്നത് സാമ്രാജ്യത്ത ശക്തികൾ ലോകത്തെ കൊള്ളയടിക്കുന്നത് എങ്ങനെയാണെന്നാണ്. മഹാപ്രളയത്തെ തുടർന്ന് വൻ നാശനഷ്ടത്തിൽ നിന്ന് കേരളത്തെ കരകയറ്റാൻ എന്ന പേരിൽ സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം 'സാലറി ചാലഞ്ച്' എന്ന പേരിൽ പിടിച്ചെടുക്കാൻ ശ്രമിച്ചത് ഇതുമായി ബന്ധമുള്ള കാര്യമാണ്. ആരായിരിക്കും ഇത്തരമൊരു ആശയത്തിന് പിറകിലെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ പ്രധാന പ്രശ്നം സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും നൽകുന്ന ശമ്പളമാണെന്ന പ്രചാരണം ഏറെക്കാലമായി നടന്നുവരികയാണ്. അവരുടെ ആനുകൂല്യം വെട്ടിക്കുറക്കണമെന്ന് ഏറെക്കാലമായി ലോകബാങ്ക് ആവശ്യപ്പെടുന്നതാണ്. 2002ൽ എ.ഡി.ബിയിൽ നിന്ന് കേരള സർക്കാർ വായ്പയെടുക്കാൻ തീരുമാനിച്ചതിന് പിറകേ ആന്റണി സർക്കാർ, ജീവനക്കാരുടെ ശമ്പളം വെട്ടിച്ചുരുക്കാനും ചില ആനുകൂല്യങ്ങൾ നിർത്തലാക്കാനും തീരുമാനിച്ചിരുന്നു.

സാമ്രാജ്യത്ത അജണ്ടകൾ വേഷപ്രച്ഛന്നതയോടെയാണ് നടപ്പിലാക്കുന്നത്. സാലറി ചാലഞ്ച് പ്രഖ്യാപിച്ചവർ കേരളത്തിലെ ശതകോടീശ്വരൻമാരോട് അവരുടെ ഒരുമാസത്തെ ലാഭം ദുരിതാശ്വാസനിധിയിലേക്ക് ആവശ്യപ്പെടാതിരുന്നത് എന്തേയെന്ന ചോദ്യവും അധികമാരും ഉയർത്തിയില്ല.

ഐ.എം.എഫിന്റെയും ലോകബാങ്കിന്റെയും തിട്ടൂരം നടപ്പിലാക്കുന്നവർ സർക്കാരിനെ തന്നെ നിയന്ത്രിച്ച് തങ്ങളുടെ അജണ്ട നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. വളരെ ക്രൂരമാണ് കാര്യങ്ങൾ. അതുകൊണ്ട് സൂക്ഷിക്കണം, ഗീതാഗോപിമാരെ!.



*എൻ.ആർ.ഇ.ജി വർക്കേഴ്സ് യൂണിയൻ തളിപ്പറമ്പ് ഏരിയാ സമ്മേളനം സി.പി.എം ജില്ലാ കമ്മിറ്റിയംഗം ബിജു കണ്ടക്കൈ ഉദ്ഘാടനം ചെയ്യുന്നു.*

## തൊഴിൽദിനം 200 ആയി വർധിപ്പിക്കണം

തളിപ്പറമ്പ്: തൊഴിൽദിനം 200ആയി വർധിപ്പിക്കണമെന്ന് എൻ.ആർ.ഇ.ജി വർക്കേഴ്സ് യൂണിയൻ തളിപ്പറമ്പ് ഏരിയാ സമ്മേളനം ആവശ്യപ്പെട്ടു. സി.പി.എം ജില്ലാ കമ്മിറ്റിയംഗം ബിജു കണ്ടക്കൈ ഉദ്ഘാടനം ചെയ്തു. സി വി നളിനി അധ്യക്ഷയായി. കെ സി സുമിത്രൻ രക്തസാക്ഷി പ്രമേയവും സി എച്ച് വിജയൻ അനുശോചന പ്രമേയവും അവതരിപ്പിച്ചു. ജില്ലാ കമ്മിറ്റിയംഗം രമേശ് ബാബു, പി കെ കൃഷ്ണൻ, പി അനിത സംസാരിച്ചു. കെ സി സുമിത്രൻ സ്വാഗതം പറഞ്ഞു. മിനിമംകൂലി 500രൂപ ആക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

ഭാരവാഹികളായി പി കെ വിനോദിനി (പ്രസിഡന്റ്), സി എം ലളിത, കെ വി ബാലകൃഷ്ണൻ (വൈസ് പ്രസിഡന്റ്), കെ സി സുമിത്രൻ (സെക്രട്ടറി), സി വി നളിനി, സി എച്ച് വിജയൻ (ജോ സെക്രട്ടറി), വി വി പവിത്രൻ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു

## ബ്രൂവറി, ഡിസ്റ്റിലറി ഇടപാടിൽ സർക്കാർ ഒളിച്ചുകളിക്കുന്നു: യൂത്ത്ഫ്രണ്ട് (എം)

കണ്ണൂർ: 1999-ൽ നിരസിക്കപ്പെട്ട ബ്രൂവറി, ഡിസ്റ്റലറി ആവശ്യപ്പെട്ട് ശ്രീചക്ര കമ്പനി ഹൈക്കോടതിയെ സമീപിച്ചപ്പോൾ അബ്കാരി നിയമം അനുസരിച്ച് അനുമതി നൽകാനാവില്ല എന്ന് കോടതി പറഞ്ഞിട്ടും 19 വർഷത്തിന് ശേഷം ഇടത് സർക്കാർ അനുമതി നൽകിയത് ഞങ്ങൾ അധികാരത്തിൽ വന്നാൽ മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും കുറയ്ക്കും എന്ന പ്രഖ്യാപനത്തിന്റെ നഗ്നമായ ലംഘനവും കൊടിയ അഴിമതിയുമാണെന്ന് യൂത്ത്ഫ്രണ്ട് (എം) സംസ്ഥാന പ്രസിഡണ്ട് സജി മഞ്ഞക്കടമ്പിൽ ആരോപിച്ചു. നിയമസഭയിലോ, മന്ത്രിസഭാ യോഗത്തിലോ ചർച്ച ചെയ്യാതെ മൂന്ന് ബ്രൂവറികൾക്കും ഒരു ഡിസ്റ്റലറിക്കും അനുമതി നൽകിയതിലെ ക്രമക്കേടുകൾക്കെതിരെ പ്രതിപക്ഷ നേതാവ് ചോദ്യമുന്നയിച്ചപ്പോൾ ആരോപണങ്ങൾക്ക് വ്യക്തമായ മറുപടി നൽകാതെ മുഖ്യമന്ത്രിയും എക്സൈസ് മന്ത്രിയും ഒഴിഞ്ഞുമാറുകയാണ്. അദേഹം വാർത്താസമ്മേളനത്തിൽ ആരോപിച്ചു. ജില്ലാ പ്രസിഡണ്ട് വിപിൻ തോമസ്, രാജു ചെരിയൻകാല, അഡ്വ.ജോസ് കിഴക്കേപ്പടവത്ത്, ടോജോ തോമസ് എന്നിവരും സംബന്ധിച്ചു.

## 'മക്തബ്' വാർത്ത ഫലം കണ്ടു; ലഹരിക്കെതിരെ പ്രതിഷേധം ശക്തമാകുന്നു

തളിപ്പറമ്പ: തളിപ്പറമ്പിലും പരിസര പ്രദേശങ്ങളിലും വർധിച്ചുവരുന്ന ലഹരി വിൽപ്പനക്കും ഉപയോഗത്തിനുമെതിരെ ജനകീയ പ്രതിഷേധം ശക്തമാക്കുന്നു. നഗരത്തിലെ ആളൊഴിഞ്ഞ കെട്ടിടങ്ങളിലും നഗരത്തിന്റെ സമീപപ്രദേശങ്ങളായ പുളിമ്പറമ്പ്, തോട്ടാറമ്പ് മേഖലകളിൽ കഞ്ചാവടക്കമുള്ള ലഹരി വസ്തുക്കളുടെ വിൽപ്പന വ്യാപകമാണ്. വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർ ലഹരി ഉപയോഗിച്ച് പോലീസിന്റെ പിടിയിലായ സാഹചര്യവുമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ വിവരിച്ച് ദിവസങ്ങൾക്ക് മുമ്പ് 'മക്തബ്' വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇത് ശ്രദ്ധയിൽപ്പെട്ടതോടെയാണ് നാട്ടുകാർ പ്രതിഷേധവുമായി രംഗത്തെത്തിയത്.


പത്ത് വയസ് മുതലുള്ള കുട്ടികളടക്കം ലഹരിക്കടിമകൾ • ശിക്ഷ ലഘുവായത് ലഹരിക്കടത്ത് വർദ്ധിക്കാൻ കാരണം
പുളിമ്പറമ്പ് പ്രദേശത്ത് കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി ഉപയോഗം വർദ്ധിച്ചുവരുന്നു

ഡി.വൈ.എഫ്.ഐ തളിപ്പറമ്പ നോർത്ത് മേഖല കമ്മിറ്റി, മഹിള അസോസിയേഷൻ നോർത്ത് വില്ലേജ് കമ്മിറ്റി, ഐ.ആർ.പി.സി നോർത്ത് ലോക്കൽ കമ്മിറ്റി എന്നിവയുടെ സംയുക്ത യോഗം പ്രതിഷേധ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. സമൂഹത്തെയും യുവതലമുറയെയും വഴിതെറ്റിക്കുന്ന ലഹരി മാഫിയകൾക്കെതിരെ ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള പ്രതിഷേധങ്ങൾക്ക് പുറമെ പോസ്റ്റർ പ്രചരണങ്ങളും ഗൃഹസന്ദർശനങ്ങളും ഐ.ആർ.പി.സി ഡീഅഡിക്ഷൻ സെന്ററിന്റെ സഹായത്തോടെ ബോധവൽക്കരണമുൾപ്പെടെ ക്യാമ്പയിനുകളും സംഘടിപ്പിക്കും. യോഗത്തിൽ പി.വി.വാസന്തി അധ്യക്ഷത വഹിച്ചു. കെ.മുരളീധരൻ, എം.സന്തോഷ്, വി.വി.കുഞ്ഞിരാമൻ, പി.സുമേഷ്, പി.വത്സല, കെ.ബിജു, കെ.ഷൈമ സംസാരിച്ചു.

## ഹിറ്റ്ലറിന്റെ പിൻമുറക്കാരായി എസ്.എഫ്.ഐ മാറുന്നു: കെ.എം. അഭിജിത്ത്

തളിപ്പറമ്പ: കാമ്പസുകളിൽ ഹിറ്റ്ലറിന്റെ പിൻമുറക്കാരായി എസ്.എഫ്.ഐ മാറുന്നുവെന്ന് കെ.എസ്.യു സംസ്ഥാന പ്രസിഡണ്ട് കെ.എം. അഭിജിത്ത് പറഞ്ഞു. കെ.എസ്.യു തളിപ്പറമ്പ നിയോജക മണ്ഡലം ലീഡർഷിപ്പ് ക്യാമ്പ് 'മാനിഷാദ' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദേഹം. കാമ്പസുകളിൽ എസ്.എഫ്.ഐ പ്രവർത്തകർ കെ.എസ്.യുക്കാരെ തിരഞ്ഞുപിടിച്ച് അക്രമിക്കുകയാണ്. ഇത് ഇനിയും കാണാതിരിക്കാനാവില്ലെന്നും അടിച്ചാൽ തിരിച്ചടിയുണ്ടാകുമെന്നും അദേഹം പറഞ്ഞു. ജില്ലാ പ്രസിഡണ്ട് സി.ടി. അഭിജിത്ത് അധ്യക്ഷത വഹിച്ചു. വി.കെ. അതുൽ, എം.കെ. വരുൺ, ധനുഷ സന്തോഷ്, അരുൺയാദവ്, സി.കെ. ജ്യോതിഷ് സംസാരിച്ചു. 'സമകാലിക വിദ്യാർത്ഥി രാഷ്ട്രീയവും കാമ്പസും' എന്ന വിഷയത്തിൽ അഡ്വ. വിനോദ് ക്ലാസെടുത്തു. സമാപന സമ്മേളനം സംസ്ഥാന വൈസ് പ്രസിഡണ്ട് അബ്ദുൾ റഷീദ് ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് മുഹമ്മദ് ഷമ്മാസ്, ഐബിൻ ജേക്കബ്, അൻസിൽ വാഴപ്പിൽ, ഫർഹാൻ മുണ്ടേരി, രാഹുൽ ദാമോദരൻ, രാഹുൽ വെച്ചിയോട്ട്, ഇ.ടി. രാജീവൻ, മനോജ് കൂവേരി, പ്രേമൻ, പ്രജീഷ് കൃഷ്ണൻ, രജനി രമാനന്ദ്, അഭിഷേക്, രാജീവൻ വെള്ളാവ്, ഇർഷാദ് സംസാരിച്ചു. യദുകൃഷ്ണൻ സ്വാഗതവും നവനീത് കീഴറ നന്ദിയും പറഞ്ഞു.




*ഗാന്ധിജയന്തിയോടനുബന്ധിച്ച് മൂത്തേടത്ത് ഹൈസ്കൂളിൽ വിദ്യാർത്ഥികൾ ഗാന്ധിജിയുടെ വേഷത്തിൽ അണിനിരന്നപ്പോൾ*

## 150 ഗാന്ധിമാർ അണിനിരന്നത് കൗതുകമായി

തളിപ്പറമ്പ: ഗാന്ധി ജയന്തിയോടനുബന്ധിച്ച് 150 ഗാന്ധിമാർ മൂത്തേടത്ത് ഹയർ സെക്കണ്ടറി സ്കൂളിൽ കുട്ടികൾക്ക് മുന്നിലെത്തി. ഗാന്ധിയുടെ നൂറ്റിയമ്പതാം ജന്മദിനത്തിന്റെ ഭാഗമായി ചരിത്ര സ്മരണകളുണർത്തിയ യാത്ര കുട്ടികളിൽ കൗതുകവും ആഹ്ലാദവും സൃഷ്ടിച്ചു. വിദ്യാലയത്തിലെ സോഷ്യൽ സയൻസ് ക്ലബിന്റെ ആഭിമുഖ്യത്തിലാണ് ചടങ്ങ് സംഘടിപ്പിച്ചത്. പ്രധാന അധ്യാപിക പി.വി ജയലക്ഷ്മി, എസ്.കെ.നളിനാക്ഷൻ, ടി.കെ.സുബ്രഹ്മണ്യൻ നമ്പൂതിരി, കെ.പുഷ്പവല്ലി, പി.കെ.ഇന്ദിര, എം.വി.അശോകൻ നേതൃത്വം നൽകി. ഗാന്ധിയൻ ചിന്തകൾ ലോകം മുഴുവൻ ചർച്ച ചെയ്യപ്പെടുന്ന ഇക്കാലത്ത് വിദ്യാർത്ഥികളിൽ ചരിത്ര ബോധവും പൗരബോധവും ലക്ഷ്യമാക്കിയാണ് പരിപാടികൾ നടത്തിയത്. ഗാന്ധി ക്വിസ്, പ്രഭാഷണങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്.



▲ *സി.ഡി.എം.ഇ.എ പ്രസിഡണ്ട് അബ്ദുൾഖാദറിനെ സർസയ്യിദ് കോളേജ് അറബിക് വിദ്യാർത്ഥികൾ ആദരിക്കുന്നു*

## ആദരിച്ചു

തളിപ്പറമ്പ: ലോക വയോജന ദിനത്തോടനുബന്ധിച്ച് സർസയ്യിദ് കോളേജ് അറബിക് വിഭാഗം വിദ്യാർത്ഥികൾ സി.ഡി.എം.ഇ.എ പ്രസിഡണ്ട് അബ്ദുൾഖാദറിനെ വീട്ടിലെത്തി ആദരിച്ചു. പി.സി.ഷംനാദ്, കെ.പി. ഇർഷാദ്, അസ്‌ലം, അംജദ് അഹമ്മദ്, ഷുഹൈൽ, റാസി, റൗഫ്, ഹനീഫ സംബന്ധിച്ചു.

## സുകുമാർ അഴീക്കോട് പുരസ്കാരദാനം ഏഴിന്

കണ്ണൂർ: കണ്ണൂർ വേവ്സ് ചാരിറ്റബിൾ ട്രസ്റ്റിന്റെ നാലാമത് സുകുമാർ അഴീക്കോട് പുരസ്കാരം ഏഴിന് വൈകിട്ട് അഞ്ചു മണിക്ക് പത്മശ്രീ മധുവിന് സമ്മാനിക്കും. സാധു കല്യാണമണ്ഡപത്തിൽ നടക്കുന്ന ചടങ്ങിൽ കഥാകൃത്ത് ടി.പത്മനാഭൻ പുരസ്കാരം സമർപ്പിക്കും. പ്രസിഡണ്ട് കെ.പി.ശ്രീശന്റെ അധ്യക്ഷതയിൽ ജയിംസ് മാത്യു എം.എൽ.എ ഉദ്ഘാടനം ചെയ്യും. പ്രസംഗ മത്സര വിജയികൾക്കുള്ള സമ്മാനദാനവും നടക്കും. തുടർന്ന് പഴയ ഗാനങ്ങൾ കോർത്തിണക്കിയ മധുരാഗം ഗാനസന്ധ്യ അരങ്ങേറുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സെക്രട്ടറി ഒ.എൻ.രമേശൻ, പി.പി.വേണുഗോപാലൻ, സാംസൺ ചൊവ്വ, കെ.എം.ബാലരാമൻ, പി.എം.ആർ.അഷ്റഫ് വാർത്താസമ്മേളനത്തിൽ സംബന്ധിച്ചു.

## സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടവർക്ക് ഉടൻ ലഭ്യമാക്കണം

ആലക്കോട്: മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും ലഭിക്കാത്തവർക്കും നഷ്ടപ്പെട്ടവർക്കും ആലക്കോട് മേഖലയിലെ ചപ്പാരപ്പടവ്, നടുവിൽ, ആലക്കോട്, ഉദയഗിരി പഞ്ചായത്തുകളിലെ ഭിന്നശേഷി വിഭാഗത്തിൽ പെടുന്നവർക്കും മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ച് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് അവസരമൊരുക്കണമെന്ന് ഡി.എ.ഡബ്ല്യു.എഫ് ചപ്പാരപ്പടവ് പഞ്ചായത്ത് കൺവൻഷൻ ആവശ്യപ്പെട്ടു. തളിപ്പറമ്പ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് വി.പി.ഗോവിന്ദൻ ഉൽഘാടനം ചെയ്തു. പി രമേശൻ അദ്ധ്യക്ഷത വഹിച്ചു. പി.സി.മൊയ്തു സ്വാഗതം പറഞ്ഞു. പി.വി.രാമചന്ദ്രൻ പ്രസംഗിച്ചു. പഞ്ചായത്ത് കമ്മിറ്റി ഭാരവാഹികളായി പി.സി.മൊയ്തുവിനെ സെക്രട്ടറിയായും പി.ദീപയെ പ്രസിഡണ്ടായും തെരഞ്ഞെടുത്തു. പ്ലസ്ടു പരീക്ഷയിൽ ഉന്നത മാർക്ക് വാങ്ങിയ അക്ഷര വിൻസെന്റ് എന്ന വിദ്യാർത്ഥിക്കുള്ള ക്യാഷ് വാർഡ് പി.വി. രാമചന്ദ്രൻ വിതരണം ചെയ്തു.



*ഏഴാംമൈൽ മഹല്ല് കമ്മിറ്റി വയനാട്ടിൽ നിർമ്മിച്ചു നൽകുന്ന കാരുണ്യഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം പാണക്കാട് ഹമീദലി ശിഹാബ് തങ്ങൾ നിർവഹിക്കുന്നു*

## ചുമട്ടുതൊഴിലാളി യൂണിയൻ ഏരിയാ സമ്മേളനം ഏഴിന്

ആലക്കോട്: ചുമട്ടുതൊഴിലാളി യൂണിയൻ (സി.ഐ.ടി.യു) ആലക്കോട് ഏരിയാ സമ്മേളനം ഏഴിന് രാവിലെ 10 മുതൽ ആലക്കോട് വ്യാപാരഭവനിലെ വാടി രവി നഗറിൽ നടക്കും. ജില്ലാ സെക്രട്ടറി കെ.പി.രാജൻ ഉദ്ഘാടനം ചെയ്യും.




*മികച്ച ജൈവ കാർഷിക മണ്ഡലത്തിനുള്ള കൃഷിവകുപ്പിന്റെ അവാർഡിന് അർഹമായ ആന്തൂർ നഗരസഭക്ക് ഉപഹാരം മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ കൈമാറുന്നു.*

## ആന്തൂർ നഗരസഭക്ക് മികച്ച ജൈവ നഗരസഭ അവാർഡ്

ധർമ്മശാല: കേരളത്തിലെ മികച്ച ജൈവ നഗരസഭകളിൽ ആന്തൂർ നഗരസഭക്ക് രണ്ടാം സ്ഥാനത്തിനുള്ള അവാർഡ്. തുറമുഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയിൽ നിന്ന് നഗരസഭാ ചെയർപേഴ്സൺ അവാർഡ് ഏറ്റുവാങ്ങി.

ജൈവകാർഷിക രംഗത്ത് നഗരസഭ നടത്തിയ മികച്ച പ്രവർത്തനം വിലയിരുത്തിയാണ് അവാർഡ് കണക്കാക്കിയത്. നഗരസഭ വാർഷിക പദ്ധതിയിൽ സമഗ്ര നെൽകൃഷി വികസനം, സമഗ്രതെങ്ങ് കൃഷി വികസനം, സമഗ്രപച്ചക്കറി കൃഷി വികസനം, കിഴങ്ങ് കൃഷി വികസനം തുടങ്ങിയ പദ്ധതികളിലൂടെ നടത്തിയ പ്രവർത്തനങ്ങളും കൃഷിവകുപ്പ് മുഖാന്തിരം നടത്തിയ ജൈവ പച്ചക്കറി ക്ലസ്റ്ററുകൾ, ബക്കളം അഗ്രോസർവീസ് സെന്റർ വഴി നടത്തിയ വിവിധ ജൈവ ഉപാധികളുടെ വിതരം തുടങ്ങിയവ അവാർഡിന് പരിഗണിച്ചു.

## പുസ്തക ചർച്ച നടത്തി

തളിപ്പറമ്പ: തൃച്ചംബരം കൾച്ചറൽ സെന്റർ ലൈബ്രറിയുടെ പ്രതിമാസ പരിപാടിയുടെ ഭാഗമായി എസ്.ഹരീഷിന്റെ മീശ നോവൽ ചർച്ച ചെയ്തു. സി.എം.സുജിത്ത് കുമാർ ചർച്ച അവതരിപ്പിച്ചു. നിർമ്മൽകുമാർ, സി.ചന്ദ്രൻ പങ്കെടുത്തു. ഡോ.എസ്.കെ.മാധവൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി കെ.സി.ബാലകൃഷ്ണൻ സ്വാഗതവും ജോ.സെക്രട്ടറി ടി.എൻ.രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു.

## യൂത്ത് ലീഗ് – എം.എസ്.എഫ് ഭാരവാഹികൾ

ആലക്കോട്: മുസ്ലിംയൂത്ത് ലീഗ് കുട്ടാപറമ്പ ശാഖാ ഭാരവാഹികളായി കെ.വി. റാഷിദ് (പ്രസിഡണ്ട്), ഹുസൈനാർ, ഇഖ്ബാൽ (വൈ. പ്രസിഡണ്ട്), കെ.എം. അഷ്കർ (സെക്രട്ടറി), ബാദുഷ, നിസാമുദീൻ (ജോ. സെക്രട്ടറി), ശമീൽ (ട്രഷറർ) എന്നിവരെയും എം.എസ്.എഫ് ഭാരവാഹികളായി മുഹമ്മദ് അസ്ലം (പ്രസിഡണ്ട്), അജ്മൽ, യാസീൻ (വൈസ് പ്രസിഡണ്ട്), മുസമ്മിൽ (സെക്ര.), അൽത്താഫ്, മുഹമ്മദ് (ജോയിന്റ് സെക്ര.), ഉസാമ (ട്രഷറർ) എന്നിവരെ തിരഞ്ഞെടുത്തു.

## കാരുണ്യഭവനത്തിന് തറക്കല്ലിട്ടു

തളിപ്പറമ്പ: 'പ്രളയാനന്തര വയനാടിന് ഒരു കൈത്താങ്ങ്' എന്ന പേരിൽ ഏഴാംമൈൽ മഹല്ല് കമ്മിറ്റി വയനാട്ടിൽ നിർമ്മിച്ചു നൽകുന്ന കാരുണ്യ ഭവനത്തിന്റെ തറക്കല്ലിടൽ കർമ്മം പാണക്കാട് ഹമീദലി ശിഹാബ് തങ്ങൾ നിർവഹിച്ചു. മഹല്ല് കമ്മിറ്റി, സെൻട്രൽ കമ്മിറ്റി ഭാരവാഹികളും പങ്കെടുത്തു.

## പെൻഷനേഴ്സ് സമ്മേളനം 6 ന്

തളിപ്പറമ്പ: കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷൻ തളിപ്പറമ്പ മേഖല 34-ാം സമ്മേളനം 6 ന് രാവിലെ 10 മണിക്ക് ഇ കെ ചന്ദ്രശേഖരൻ നമ്പ്യാർ നഗറിൽ (തളിപ്പറമ്പ കോൺഗ്രസ് മന്ദിരം) നടക്കും. മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡണ്ട് രജനി രമാനന്ദ് ഉദ്ഘാടനം ചെയ്യും. കെ എസ് എസ് പി എ മേഖല പ്രസിഡണ്ട് ടി.ടി.മാധവൻ അദ്ധ്യക്ഷത വഹിക്കും.

## താലൂക്ക് വികസന സമിതി യോഗം 6ന്

തളിപ്പറമ്പ: താലൂക്ക് വികസന സമിതി യോഗം ആറിന് രാവിലെ 10.30ന് താലൂക്ക് ഓഫീസ് കോൺഫറൻസ് ഹാളിൽ നടക്കും. താലൂക്ക് പരിധിയിലെ ജനപ്രതിനിധികളും വകുപ്പ് മേധാവികളും യോഗത്തിൽ പങ്കെടുക്കണമെന്ന് തഹസിൽദാർ അറിയിച്ചു.

## അനുമോദിച്ചു

തളിപ്പറമ്പ: കേരള ഗണക കണിശ ജ്യോതിഷസഭയുടെയും മാതൃസംഘടനയായ കെ.ജി.കെ.എസിന്റെയും സംയുക്താഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു ഉന്നത വിജയികൾക്കുള്ള അനുമോദനവും ഉപഹാര സമർപ്പണവും നടത്തി. കരിങ്കയം വിജയൻ ജ്യോത്സ്യർ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജന. സെക്രട്ടറി കെ.കെ.സുധാകരൻ ഉപഹാര വിതരണം നടത്തി. മേഖലാ സെക്രട്ടറി ബാഹുലേയൻ ജ്യോത്സ്യർ സ്വാഗതം പറഞ്ഞു.


കേന്ദ്ര ഗവ: അംഗീകൃത
**കമ്പ്യൂട്ടർ പഠനം**
ഐ.ടി പാർക്കിലൂടെ ഏറ്റവും കുറഞ്ഞ ഫീസിൽ
ഫീസ് ഒരുമിച്ച് അടക്കേതില്ല മാസം 500 രൂപ മാത്രം അടക്കുക

| | |
|---|---|
| Ms office,DTP, Tally Accounting + GST | Total Fee 2900 |
| Graphic Designing, Multimedia | Total Fee 4500 |
| Tally Foreign Accounting (DFAT) | Total Fee 6500 |
| AutoCad, 3D Max | Total Fee 4500 |
| Computer Teachers Training Course | Total Fee 6500 |

DCA PSC Approved
കഴിഞ്ഞ 10 വർഷത്തെ പ്രവർത്തന മികവ്
ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന കമ്പ്യൂട്ടർ സ്ഥാപനം
അഡ്മിഷൻ ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രം
രജിസ്ട്രേഷൻ ഫോണിലൂടെ 9605995007
കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത SSLC
**IT PARK Computer**
Regd. By Govt. of India
Mahatma Complex, Taliparamba
Ph: 04602 204002 Mob:9605995007